


പാലക്കാട് ടോപ് ഇൻ ടൗണിൽ വെച്ച് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നൽകിയ സ്വീകരണത്തിൽ ന്യൂയോർക് സ്റ്റേറ്റിലെ ഏഷ്യ അമേരിക്കകാര്യ ഡെപ്യൂട്ടി ഡയറക്ടർ സിബു നായർ മറുപടി പ്രസംഗം നടത്തുന്നു

# പാലക്കാടും ബഫല്ലോ സിറ്റിയും കൈകോർക്കും : സിബു നായർ

പാലക്കാട്: സാമൂഹ്യ സാംസ്കാരിക, വ്യവസായ രംഗങ്ങളിൽ പാലക്കാടുമായി കൈകോർക്കുവാൻ താത്പര്യമുണ്ടെന്ന് ന്യൂയോർക് സ്റ്റേറ്റിലെ ഏഷ്യ അമേരിക്കകാര്യ ഡെപ്യൂട്ടി ഡയറക്ടർ സിബു നായർ അഭിപ്രായപെട്ടു. പാലക്കാട്ടോപ് ഇൻ ടൗണിൽ വെച്ച് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നൽകിയ സ്വീകരണത്തിൽ മറുപടി പ്രസംഗം നടത്തുകയായി രുന്നു അദ്ദേഹം. ഇന്ത്യയിൽ നിന്ന് വിവാഹം കഴിച്ചെത്തുന്ന പല സ്ത്രീകളും ഗാർഹികപീഡനങ്ങൾക്ക് ഇരയാകാറുണ്ടെന്നും കുറ്റകൃത്യങ്ങളിലെ ഇരകളെ സാരക്ഷിക്കുവാൻ വിശ്വാസിന്റെ ശാഖ ബഫലോ സിറ്റിയിൽ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. വിശ്വാസിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്മാനേജ്മെന്റ് അസോസിയേഷൻ, ഓയിസ്ക ഇന്റർനാഷണൽ പാലക്കാട് ചാപ്റ്റർ, പാലക്കാട് സീനിയർ ചേംബർ എന്നിവർ ചേർന്ന് ഒരുക്കിയ സ്വീകരണത്തിൽ മുൻ റോട്ടറി ഗവർണ്ണർ ബി. ജയരാജൻ അധ്യക്ഷത വഹിച്ചു .പി. എം. എ പ്രസിഡന്റ് കെ. വി. ജോൺ, സീനിയർ ചേംബർ പ്രസിഡന്റ് സി. ടി. ലിൻസൺ, മുൻ അംബാസിഡർ ശ്രീകുമാർ മേനോൻ, ന്യൂയോർക് ഇന്ത്യൻ കോൺസുലേറ്റ് ജനറലിലെ മുൻ കോൺസൽ ദേവദാസ് നായർ എന്നിവർ സംസാരിച്ചു .വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് സ്വാഗതവും ഓയിസ്ക പ്രസിഡന്റ് കെ. ആർ. ചന്ദ്രൻ നന്ദിയും പറഞ്ഞു.